പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 627

11.6.2013-ലെ മറുപടിയ്ക്ക്

**കൊരട്ടിയിലെ കിൻഫ്രയുടെ വികസനം**

| ചോദ്യം<br>ശ്രീ ബി.ഡി.ദേവസ്സി | | മറുപടി<br>ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
|---|---|---|
| ചാലക്കുടി മണ്ഡലത്തിൽപ്പെട്ട കൊരട്ടിയിലെ കിൻഫ്രയുടെ വികസനത്തിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ? | | കിൻഫ്രയുടെ കൊരട്ടിയിലെ വ്യവസായപാർക്കിൽ 37000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള രണ്ടു സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറികൾ പൂർത്തിയാക്കുകയും സംരംഭകർക്ക് അലോട്ട് ചെയ്യുകയും ചെയ്തു. ഈ വ്യവസായ പാർക്കിനോട് ചേർന്ന് കേന്ദ്ര നഗര വികസന മന്ത്രാലയത്തിനു കീഴിലുള്ള ഗവൺമെന്റ് പ്രസ്സിന്റെ കൈവശമുള്ള 13 ഏക്കർ ഭൂമി കൂടി ലഭ്യമാക്കുന്നതിലേക്കായി കേന്ദ്ര നഗര വികസന മന്ത്രാലയത്തിനോട് അഭ്യർത്ഥിച്ചിരുന്നുവെങ്കിലും ഇതുവരെ അതു സംബന്ധിച്ച് തീരുമാനമായിട്ടില്ല. പ്രസ്തുത ഭൂമി ലഭിക്കുന്ന മുറയ്ക്ക് പാർക്കിന്റെ വികസനം നടപ്പിലാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ